# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2130**

07.07.2015-ൽ മറുപടിക്ക്

## ഭവന നിർമ്മാണ പദ്ധതികൾ

### ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):

(എ) ദുർബല ജനവിഭാഗങ്ങൾക്ക് സ്വന്തമായി വീട് നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് മുഖേന ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി എന്നീ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി 2013-14 വർഷത്തിൽ അനുവദിച്ച 10.50 കോടി രൂപ വിനിയോഗിച്ച് 525 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സാഫല്യം ഭവന പദ്ധതിയ്ക്കായി ഇതുവരെ 288.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ